# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokk.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പ7/2059/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ - 0495 2371012

തീയ്യതി:27.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെപ്യൂട്ടി കമ്മീഷണർ ജനറൽ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.കെ.ഡി. പ7/2059/18 തീയതി.27.10.2018

# കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.11.2017 മുതൽ 31.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.08.2018 മുതൽ 21.08.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കരുണാകരൻ.എം | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. രാജീവൻ. എൻ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ഇന്ദുകല. സി. വി | സീനി. ഗ്രേഡ് ഓഡിറ്റർ |

(ബി)<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എ.സി. സതി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. സി.ജി. കമലാകാന്തപൈ | 01.04.2017 മുതൽ 19.05.2017 വരെ |
| | ശ്രീ. ചന്ദ്രമോഹനൻ. പി | 20.05.2017 മുതൽ 03.10.2017 വരെ |
| | ശ്രീ. കൃഷ്ണരാജ്. എൻ. പി | 04.10.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ. ആരതി രഞ്ജിത്ത് | 01.04.2017 മുതൽ 29.06.2017 വരെ |
| | ഡോ. വിനോദ് കുമാർ. കെ. പി | 30.06.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അനീഷ്. വി. നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| സി.ഡ്.പി.ഒ | ശ്രീമതി. ദീപ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എക്സി. എഞ്ചിനീയർ | ശ്രീ. ഗിരീഷ്. ആർ. ഡി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. റീജ. പി. ടി | 16.06.2017 മുതൽ 31.03.2018 വരെ |
| അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി. പുഷ്പ. എ | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. ശിവദാസ്. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ഷിബിൻ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. വിനോദ് കുമാർ | 01.04.2017 മുതൽ 01.07.2017 വരെ |
| | ഡോ. സുനിൽ കുമാർ | 02.07..2017 മുതൽ 31.03.2018 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. മുഹമ്മദ് ഷൈജു. എസ് | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| | ഭാഗം 2 | |
| 13 | രശീത് പിരിവിലെ / സൂക്ഷിപ്പിലെ അപാകതകൾ | 2-1 |
| | ഭാഗം 3 | |
| 14 | ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 3-1 |
| 15 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/സംയുക്ത പ്രൊജക്ടുകൾക്കുള്ള തുകകൾക്ക് തുല്യമായ തുക ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ല. | 3-2 |
| 16 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 3-3 |
| 17 | കാർഷിക മേഖല-ബ്ലോക്ക് പഞ്ചായത്ത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റുന്നതിലുള്ള വീഴ്ചയും പ്രോജക്ട് നടത്തിപ്പലെ അപാകതകളും | 3-4 |
| 18 | പൊതുമരാമത്ത്-വർക്കിംഗ് ഗ്രൂപ്പ് നിർദേശങ്ങൾ പരിഗണിക്കാതെ പ്രോജക്ടുകൾ തയ്യാരാക്കുന്നതും മറ്റ് അപാകതകളും. | 3-5 |
| 19 | സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. | 3-6 |
| 20 | പട്ടികജാതി വനിതകൾക്ക് പെണ്ണാട് വിതരണം. സർക്കാർമാർഗരേഖ ലംഘിച്ച് പ്രോജക്ട് നടപ്പിലാക്കിയതും നിർവഹണത്തിലെ അപാകതകളും. | 3-7 |

| | | |
|---|---|---|
| 21 | മൃഗസംരക്ഷണം ക്ഷീരവികസനമേഖലയിൽ ആവശ്യകത പരിഗണിച്ച് പ്രോജക്ടുകൾരൂപീകരിക്കാത്തതും മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ലാത്തതും സംബന്ധിച്ച് | 3-8 |
| 22 | ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ്.- ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-9 |
| 23 | അക്ഷയോർജ്ജ ഉൽപ്പാദന യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-10 |
| 24 | വയോമിത്രംയോഗ പരിശീലനം ഗുണഭോകതൃ ലിസ്റ്റ് ഹാജരാക്കാത്തതും മറ്റ് അപാകതകളും | 3-11 |
| 25 | പ്രോക്യൂർമെന്റ് കമ്മിറ്റി - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-12 |
| 26 | സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-13 |
| | ഭാഗം 4 | |
| 27 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-3 |
| 30 | സ്ഥിര നിക്ഷേപം | 4-4 |
| 31 | ഓഡിറ്റ് റിക്കവറി | 4-5 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-6 |
| 33 | ചാർജ് /സർചാർജ് നടപടികളുടെചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017തീയതിയിലെ 452ാം നം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19.03.2018 തീയതിയിലെ 18ാം നം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 16.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 01.08.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/18(75) തീയതി30.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,40,23,542 |
| വരവ് | 15,75,94,580 |
| ആകെ | 18,16,18,122 |
| ചെലവ് | 9,73,93,903 |
| നീക്കിയിരിപ്പ് | 8,41,14,219 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,69,02,042 | 3,69,02,042 | 3,56,54,835 | 12,47,207 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 1,34,76,000 | 1,34,76,000 | 1,34,76,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 2,88,000 | 2,88,000 | 2,87,880 | 150 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 46,98,000 | 46,98,000 | 46,51,701 | 46,299 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | - | - | - | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| സാക്ഷരത | | 2,35,100 | - | 2,35,100 | 2,35,000 | 100 |
| ദുരിതാശ്വാസനിധി | | - | - | - | - | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | - | - | - | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6,631 | 10,92,105 | 10,98,736 | 10,66,497 | 32,239 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 3,77,220 | 81,367 | 4,58,587 | 15,042 | 4,43,545 |
| | IAY | 1,78,49,472 | 9,36,85,400 | 11,15,34,872 | 3,52,65,105 | 7,62,69,767 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | - | 59,97,930 | 59,97,930 | 40,17,638 | 19,80,292 |
| | ജില്ലാ പഞ്ചായത്ത് | - | - | - | - | - |
| ബി ഫണ്ട് | | - | - | - | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 36,57,776 | 68,38,137 | 1,04,95,913 | 98,81,794 | 6,14,119 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | - | - | - | - | - |
| | ട്രഷറി അക്കൗണ്ട് | - | - | - | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 78 | 7,24,43,528 | 66 | 5,40,70,386 | - | 12 | 84.62% |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-8 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച നൽകിയിട്ടുണ്ട്. എന്നാൽ 2014-15 വർഷത്തിലാണ് ഓഫീസ് ഓർഡർ അവസാനമായി പുന:ക്രമീകരിച്ചിട്ടുള്ളത്(02/2014-15 തീ.25.10.2014). ഓഫീസ് മീറ്റിംഗ് മിനുട്ട്സ് പരിശോധിച്ചതിൽ ഓഫീസ് മീറ്റിംഗ് എല്ലാ മാസവും ചേർന്നവരുന്നുണ്ട്. ദൈനംദിന പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ വാർഷിക സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

2. ക്യാഷ് രശീതായി നിലവിൽ സൂചിക കൈപ്പറ്റ് രശീത് തന്നെയാണ് ഉപയോഗിക്കുന്നത്.

3. എല്ലാ വൗച്ചറുകളും പ്രസിഡണ്ട് ഒപ്പു വെച്ച് അധികൃതമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.01.2018 | സെപ്തംബർ 2017 മുതൽ ഡിസംബർ 2017 വരെ | DPAW/KKD/2018 തീ. 15.03.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2010 | 2008-10 സാമ്പത്തിക വർഷം | A(HO)III/III/12-4510/ 11/122 തീ. 05.06.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 പ്രകാരം വാർഷിക കണക്ക് പരിശോധിച്ചതിൽ, ചുവടെപ്പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 35,82,000രൂപയാണ് വരവുള്ളത് എന്നാൽ വാർഷിക കണക്കിൽ 38,80,485 രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) വിവിധ ബാങ്ക്/ട്രഷറി എക്കൗണ്ടുകളുടെ റീക്കൺസിലേഷൻ പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) വിവിധ ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകളൊന്നും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

4) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, അഡ്വാൻസ് രജിസ്റ്റർ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

5) സെക്യേർഡ് ലോൺ ഫ്രം കോ.ഓപ്പറേറ്റീവ് ബാങ്ക് 21,59,825 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു (B5). ലോൺ രജിസ്റ്ററിൽ സാമ്പത്തിക വർഷം അടവാക്കിയ തുകയുടെയോ, അടവാക്കാനവശേഷിക്കുന്ന തുകയുടെയോ വിവരങ്ങൾ

രേഖപ്പെടുത്തിയിട്ടില്ല.

6) ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും വരവു വന്ന 35,00,000 രൂപ മിസലേനിയസ് റസീറ്റ് എന്ന ശീർഷകത്തിലാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

7)ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ, സംയുക്ത പ്രോജക്ടുകൾക്കുള്ളതുക എന്നിവയിൽ ബാലൻഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം 10,94,05,247 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് എന്നാൽ വിവിധ ട്രഷറി ബാങ്ക് അക്കൗണ്ടുകളിലായി സാമ്പത്തിക വർഷം 8,41,14,219 രൂപ മാത്രമേ തനത് ഫണ്ട് ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിൽ നീക്കിയിരിപ്പുള്ളൂ. (RP40(b)കാണുക).

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീത് പിരിവിലെ / സൂക്ഷിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 2017-18 ഓഡിറ്റിന്റെ ഭാഗമായി മാന്വൽ രശീതികൾ, സാംഖ്യ രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കുലർ നം. 48544/എബി1/13/തസ്വഭവ തീ 22.04.2014 ഖ.1 പ്രകാരം ഫ്രണ്ട് ഓഫീസ് വഴി ക്യാഷ് രസീതായും, കൈപ്പറ്റ് രസീതായും വ്യത്യസ്ത രീതിയിലുള്ള രശീതികൾ (പ്രത്യേക ഫോർമാറ്റിലുള്ളതും, പ്രത്യേക നിറത്തോടും കൂടിയത്) ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ത. സ്വ. സ്ഥാപനങ്ങളിൽ നിലവിൽ ക്യാഷ് രശീതികൾ പിങ്ക് നിറത്തിലും, സൂചിക ഉപയോഗിച്ചുള്ള കൈപ്പറ്റ് രശീതികൾ നീല നിറത്തിലുള്ളവയുമാണ്. ബ്ലോക്ക് പഞ്ചായത്തിൽ സൂചിക കൈപ്പറ്റ് രശീതുകൾ നൽകുന്നതിനുള്ള നീല നിറത്തിലുള്ള സ്റ്റേഷനറിയാണ് സാംഖ്യ രശീത് പ്രിന്റ് ചെയ്യുന്നതിന് ഉപയോഗിച്ചിരിക്കുന്നത്.

2. ഹാജരാക്കിയ സ്റ്റേഷനറി നം. 1135250 (10,00,000/- ആരോഗ്യകേരള പുരസ്കാരം 2015-16 തുക) ൽ വിവരങ്ങൾ പേന ഉപയോഗിച്ച് എഴുതി ചേർത്തിരിക്കുന്നു. ആയതിന് രശീതി നമ്പറും ഇല്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ (G.O(Rt)3291/2016 തീ. 02.12.2016) എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

1. ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും തൻവർഷ ബജറ്റ് പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങളും അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയിതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി യോഗം വിളിച്ചു ചേർക്കേണ്ടതുമാണ്.

2. സെക്രട്ടറിയും ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തയ്യാറാക്കി നൽകിയ ബജറ്റ് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ജനുവരി 15 നകം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് നൽകണം.

3. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷിക പദ്ധതിയും, വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും വേണം. ആവശ്യമെങ്കിൽ മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരേയും ഉദ്യോഗസ്ഥരേയും ക്ഷണിക്കേണ്ടതുമാണ്.

24.03.2017 തിയ്യതിയിലാണ് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചിട്ടുള്ളത്. ബഡ്ജറ്റ് രൂപീകരണ പ്രക്രിയയിൽ പഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ, കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബജറ്റ് പാസ്സാക്കുന്നതിനു മുമ്പായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി സെക്രട്ടറി ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ, വിവിധ ഘടക സ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല.

2. പ്ലാൻ-നോൺ പ്ലാൻ ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല.

2. മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണെങ്കിലും, ഇത്തരത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങളൊന്നും സമർപ്പിക്കപ്പെട്ടിട്ടില്ല.

3. ബഡ്ജറ്റ്, ഫങ്ഷൻ – ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. സാംഖ്യ പ്രകാരമുള്ള വാർഷിക ധനകാര്യ പത്രികയിലെതിന് സമാനമായ ശീർഷകങ്ങൾ

ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിലും സമഗ്രമല്ല. ആയതിനാൽ വാർഷിക കണക്കുമായി ഒത്തുനോക്കുന്നതിന് കഴിയുന്നില്ല.

4. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 19.03.2018 ലെ 18ാം നം തീരുമാനം, ഭരണസമിതിയുടെ 21.03.2018 ലെ 109/2017-18 നം തീരുമാനം എന്നിവ പ്രകാരം 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് പാസ്സാക്കിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി മിനുട്ട്സുകളിൽ ആകെ വരവ്, ആകെ ചെലവ്, മിച്ചം എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ/സംയുക്ത പ്രൊജക്ടുകൾക്കുള്ള തുകകൾക്ക് തുല്യമായ തുക ബാങ്ക് / ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കു പ്രകാരം വിവിധ ആവശ്യങ്ങൾക്കായി മുൻവർഷങ്ങളുൾപ്പടെ ലഭ്യമായ ഗ്രാന്റ് തുകകളിലും, ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമായ തുകയും ഉൾപ്പടെ 31.03.2018 ൽ ബാലൻസ് ഷീറ്റ് പ്രകാരം 10,94,05,247/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം). ഇത്രയും തുക ഈ ആവശ്യങ്ങൾക്കായി ആരംഭിച്ച ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് അവശേഷിക്കേണ്ടതാണെങ്കിലും സ്ഥാപനത്തിന്റെ നീക്കിയിരിപ്പ് വിവരം പരിശോധിച്ചതിൽ വിവിധ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിലായി തനത് ഫണ്ട് ഉൾപ്പടെ 8,41,14,219/- രൂപ മാത്രമേ നീക്കിയിരിപ്പായി അവശേഷിക്കുന്നുള്ളൂ. സാമ്പത്തിക വർഷം സർക്കാർ തിരിച്ചെടുത്ത തുകയിനത്തിൽ 26,06,310/- രൂപയും ലഭിക്കാനുണ്ട്. ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചത്രയും തുക ബ്ലോക്ക് പഞ്ചായത്തിൽ നീക്കിയിരിപ്പില്ലാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

## 3-3 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നിർണായക പങ്ക് വഹിക്കേണ്ടത് വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയാണ്. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടി ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ നടത്തുക, ആവശ്യമായ

യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക , ആവശ്യമായ തീരുമാനങ്ങൾ യഥാസമയം ഭരണ സമിതി എടുക്കുന്നതിന് വേണ്ട നടപടികൾകൈക്കൊള്ളുക, പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട എല്ലാരേഖകളും കൃത്യമായും ചിട്ടയായും തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക, ആവശ്യമായ മുഴുവൻ രേഖകളും സഹിതം പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കുക എന്നീ ചുമതലകൾ നിർവഹിക്കുന്നതിൽ ഒരുപരിധി വരെ വിജയിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിന്റെ വിവിധഘട്ടങ്ങളായ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, ബ്ലോക്ക് ഗ്രാമസഭ, വികസന സെമിനാറുകൾ എന്നിവ യഥാസമയം സംഘടിപ്പിച്ചിട്ടുണ്ട്. പദ്ധതികൾക്ക് യഥാസമയം അംഗീകാരം നേടിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

നിർവഹണത്തിനായി അംഗീകാരം ലഭിച്ച 77 പ്രോജക്ടുകളിൽ 11 പ്രോജക്ടുകൾക്കൊഴികെ മുഴുവൻ പ്രോജക്ടുകൾക്കും സാമ്പത്തിക വർഷം തുക ചെലവഴിച്ച് മൊത്തം അടങ്കൽ തുകയിൽ 75% വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി ഓരോ ഘട്ടത്തിലും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്.

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി പ്രതീക്ഷിത വിഭവസ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോസ്റ്റാന്റിംഗ് കമ്മിറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണെങ്കിലും അത്തരമൊരു ശുപാർശ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതായി കാണുന്നില്ല. അതേപോലെ പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ പ്രോജക്ടും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിൽ വരുന്ന പൊതുമരാമത്ത്, കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം മേഖലയിലെ പ്രൊജക്ടുകളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല, 5-4-2017, 7-6-2017, 6-10-2017, 21-12-2017 തിയ്യതികളിലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് ക്ലോസ് ചെയ്തതായി കാണുന്നില്ല.

## 3-4 കാർഷിക മേഖല-ബ്ലോക്ക് പഞ്ചായത്ത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റുന്നതിലുള്ള വീഴ്ചയും പ്രോജക്ട് നടത്തിപ്പിലെ അപാകതകളും.

കാർഷിക മേഖലയിൽ കൃഷി അസിസ്റ്റന്റ് ഡയരക്ടർ മുഖേന നടപ്പിലാക്കിയ പ്രോജക്ടാണ് നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് 1ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പേരാമ്പ്ര ബ്ലോക്ക്

പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റത്തക്ക വിധത്തിലുള്ള പ്രോജക്ടല്ല സാമ്പത്തിക വർഷം ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കൃഷിയോഗ്യമായ 200.68 ഹെക്ടർ തരിശുഭൂമി ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. G.O.M.S നമ്പർ 72/2017 ത.സ്വ.ഭ.വ തിരുവനന്തപുരം 29-3-2017 ഖണ്ഡിക 12/1(13) പ്രകാരം തരിശു ഭൂമിയിൽ കൃഷി പ്രോൽ സാഹിപ്പിക്കുന്നതിനും കൃഷിചെയ്യാതെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ കൃഷി ഇറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകളൊന്നും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയതായി കാണുന്നില്ല.

മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 21/4/2017ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കാർഷിക മേഖലയിൽ 12 ഓളം പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ ഒരു പ്രോജക്ടു മാത്രമേ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ളൂ .

നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (പ്രോജക്ട് നമ്പർ 24/2018) പ്രകാരം വികസന ഫണ്ടിൽ നിന്നും 1946500രൂപ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചയാത്തുകൾക്ക് കൈമാറിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഗ്രാമപഞ്ചയാത്തുകളുടെ പേര്. | കൈമാറിയതുക. |
|---|---|
| ചെറുവണ്ണൂർ | 425000 |
| പേരാമ്പ്ര | 425000 |
| നോച്ചാട് | 102000 |
| കൂത്താളി | 340000 |
| കായണ്ണ | 297500 |
| ചങ്ങരോത്ത് | 357000 |
| ആകെ | 1946500 |

**മേൽതുക വിനിയോഗിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്ന് ലഭിച്ചതിന് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥനോ, വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ കൈക്കൊണ്ടതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ ചുമതലകൾ നിറവേറ്റത്തക്ക പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 19,46,500 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 പൊതുമരാമത്ത്-വർക്കിംഗ് ഗ്രൂപ്പ് നിർദേശങ്ങൾ പരിഗണിക്കാതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതും മറ്റ് അപാകതകളും.

2017-18 സാമ്പത്തികവർഷം സ്പിൽഓവർ പ്രോജക്ട് ഒഴികെ 27 മരാമത്ത് പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭ്യമായിരിക്കുന്നത്. ആയതിൽ ഒരു പ്രോജക്ട് ഒഴികെ മറ്റുള്ളവയെല്ലാം അസിസ്റ്റന്റ് എൻജിനിയറാണ് നിർവഹണം നടത്തിയിരിക്കുന്നത്. ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 28-4-2017ന് കൂടിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം 17 മരാമത്ത് പ്രവർത്തികൾ നിർവഹണത്തിനായി നിർദേശിച്ചതിൽ ആറു പ്രവർത്തികൾക്ക് മാത്രമേ സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചിട്ടുള്ളൂ. 21പ്രോജക്ടുകളും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദേശങ്ങളിൽ ഉൾപ്പെടാത്ത പ്രോജക്ടുകളാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 172ാം വകുപ്പ് 1ാം ഉപവകുപ്പ് 4ാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളും പരിപാലിക്കുക, സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടം നിർമിക്കുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ. റോഡുകളുടെ പരിപാലനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിറവേറ്റത്തക്ക വിധത്തിലുള്ള പ്രവർത്തികളൊന്നും തന്നെ ഏറ്റെടുത്തതായി കാണുന്നില്ല. സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പുതുതായി ഏറ്റെടുത്ത് നടത്തിയ 12 റോഡു പ്രവർത്തികളും ഗ്രാമപഞ്ചായത്തുകളുടെ ഉള്ളിലുള്ള റോഡുകളിലാണ് നടത്തിയിരിക്കുന്നത് G.O.M.S നമ്പർ 72/2017 ത.സ്വ.ഭ.വ .തി. 29-3-2017 ഖണ്ഡിക 12-10(4) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള ഏതു റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെങ്കിലും സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ റോഡ് പ്രവർത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചതിൽ റോഡുകൾ ബന്ധപ്പെട്ട

പഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്നതിന്റെ രേഖകളും റോഡുകൾ 6 മീറ്റർ വീതിയുള്ളതാണെന്നതിന്റെ രേഖകളും നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള റോഡ് പ്രവർത്തി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിക്കണമെന്ന നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല.

സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കിയ 27 പൊതുമരാമത്ത് പ്രവർത്തികളിൽ 5 എണ്ണത്തിന് തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ഏതാനും പ്രോജക്ടുകൾക്ക് ഭാഗികമായിമാത്രമേ തുകചെലവഴിക്കപ്പെട്ടിട്ടുള്ളൂ.പ്രോജക്ടുകളുടെ പൂർത്തീകരണത്തിൻ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ചുമതലകൾ നിർവഹിച്ചതായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ നിന്നോ പ്രവർത്തികളുടെ വർക്ക് ഫയലിൽ നിന്നോവ്യക്തമാവുന്നില്ല. ബന്ധപ്പെട്ട വികസന സ്റ്റാന്റിംഗ് കമ്മറ്റി 7/2/18 ന് കൂടിയ യോഗത്തിൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർവഹണ ഉദ്യോഗസ്ഥരോട് നിർദേശിച്ച തല്ലാതെ തുടർനടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മരാമത്ത് പ്രവർത്തികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവഹിക്കത്തക്ക പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡുകളിൽ പ്രവർത്തി നടത്തുമ്പോൾ സർക്കാർ മാർഗനിർദ്ദേശപ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

## 3-6 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.

അസി. എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 14 സ്പിൽ ഓവർ പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ ഒരു കുടിവെള്ള പ്രോജക്ടും ഒരു റോഡ് നിർമാണ പ്രോജക്ടും ഒഴികെ ബാക്കിയെല്ലാം കെട്ടിട നിർമാണ പ്രവൃത്തികളും മെയിന്റനെൻസ് പ്രവൃത്തികളുമാണ്. ആയതിൽ മൂന്ന് പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല. അവശേഷിക്കുന്ന പ്രോജക്ടുകളിൽ 7എണ്ണം സാമ്പത്തിക വർഷത്തിലും പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്. വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ 90,71,181 രൂപയിൽ 47,15,141 രൂപ മാത്രമേ സാമ്പത്തിക വർഷം വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. വികസനഫണ്ട് പൊതുവിഭാഗം ഇനത്തിൽ മേൽ സ്പിൽ ഓവർ പ്രോജക്ടുകൾക്കായി 36,54,358 രൂപ വകയിരുത്തിയതിൽ 24,58,440 രൂപയും വികസനഫണ്ട് SCP ഇനത്തിൽ 14,76,283 രൂപ വകയിരുത്തിയൽ 12,82,136 രൂപയുമാണ് ചെലവഴിക്കപ്പെട്ടത്. അതേ പോലെ മെയ്ന്റനൻസ് ഗ്രാന്റ് റോഡ് ഇതരത്തിൽ 18,25,000 രൂപ വകയിരുത്തിയതിൽ 9,74,565 രൂപയും വിനിയോഗിക്കപ്പെട്ടു. പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ ഈ മൂന്ന്

ഇനങ്ങളിലുമായി 22,41,040 രൂപ ബ്ലോക്ക് പഞ്ചായത്തിന് അസി.എക്സിക്യൂട്ടീവ് എൻജിനിയർ നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് മാത്രം വിനിയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

മുൻവർഷങ്ങളിൽ ആരംഭിച്ചതും സാമ്പത്തിക വർഷം പൂർത്തീകരിക്കപ്പെടാത്തതുമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ. നടപടികൾ കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട വികസനകാര്യസ്റ്റാൻ്റിംഗ് കമ്മിറ്റി പൂർണമായും വിജയിച്ചിട്ടില്ല. 7-2-2018ൽ കൂടിയ വികസനകാര്യസ്റ്റാൻ്റിംഗ് കമ്മിറ്റിയോഗം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയതല്ലാതെ തുടർനടപടികളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 8-1-2018 ൽ കൂടിയ യോഗത്തിൽ വെച്ച് 7 പേർ അടങ്ങുന്ന മോണിട്ടറിംഗ് സമിതി രൂപീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ മോണിട്ടറിംഗിന് വിധേയമാക്കിയതായി കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-7 പട്ടികജാതി വനിതകൾക്ക് പെണ്ണാട് വിതരണം - സർക്കാർമാർഗരേഖ ലംഘിച്ച് പ്രോജക്ട് നടപ്പിലാക്കിയതും നിർവഹണത്തിലെ അപാകതകളും.

പ്രോജക്ട് നമ്പർ – 67/18 (SO)

വകയിരുത്തിയതുക – 21,75,000

ചെലവുതുക – 11,70,000 (ബിൽനമ്പർ 1/17-18 തി 28-6-17 – 2,25,000

2761 തി 29-7-17 – 6,00,000

4590 തി 17-8-2017 – 60,000

5866 തി12-10-17 – 60,000

4464തി12-1-18 – 1,05,000

8763 തി16-3-18 – 1,20,000

---------------

11,70,000

---------------

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 78 പട്ടികജാതി വനിതകൾക്ക് 3 വീതം പെണ്ണാടുകളെ വിതരണം ചെയ്യുന്നതിന് സീനിയർ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രോജക്ട് പ്രകാരം 11,70,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ.എം.എസ് നമ്പർ 80/17 ത.സ്വ.ഭ.വ തി.3-4-2017 ഖണ്ഡിക 8-2(2) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും മാത്രമേ ഇത്തരം പ്രോജക്ട് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ പദ്ധതി മാർഗരേഖ G.O.M.S നമ്പർ 72/17 ത.സ്വ.ഭ.വ 29-3-17 ഖണ്ഡിക 6-9 പ്രകാരം മാർഗരേഖ പ്രകാരമോ, സബ്സിഡി മാർഗരേഖ പ്രകാരമോ പ്രത്യേകം ഒഴിവാക്കിയിട്ടില്ലെങ്കിൽ കുടുംബങ്ങൾക്കും വ്യക്തികൾക്കും വസ്തുക്കളോ ആസ്തികളോ ധനസഹായമായി നൽകുന്ന പ്രോജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല. ആയതിന് വിരുദ്ധമായാണ് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയിരിക്കുന്നത്. മേൽ പ്രോജക്ട് മാർഗരേഖക്ക് വിരുദ്ധമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ 10-7-2017ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിനെ കത്ത് മുഖേന അറിയിച്ചെങ്കിലും 2016 ജൂലൈ 23 ലെ ഭരണസമിതിയോഗം തീരുമാനം നമ്പർ 30(1)/17-18 പ്രകാരം പ്രോജക്ട് തുടർനടത്തിപ്പിന് പുതുതായി ചാർജെടുത്ത വെറ്ററിനറി സർജനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർഗരേഖക്ക് വിരുദ്ധമായ പ്രോജക്ട് നടപ്പാക്കുന്നതിന് മുമ്പ് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭ്യമാക്കിയതായും കാണുന്നില്ല. മേൽ പ്രോജക്ട് പ്രകാരം രണ്ട് പെണ്ണാടുകൾക്ക് 12,000 രൂപ മാത്രമേ പരമാവധി സബ്സിഡിയായി മാർഗരേഖ പ്രകാരം അനുവദിക്കാൻ പാടുള്ളൂ. എന്നാൽ 3 ആടുകൾക്ക് 15,000 രൂപ തൻവർഷം അനുവദിച്ചിട്ടുണ്ട്. സ്പിൽഓവർ പ്രോജക്ട് ആയതിനാൽ 2016-17 സാമ്പത്തിക വർഷത്തെ മാനദണ്ഡ പ്രകാരമാണ് സബ്സിഡി അനുവദിച്ചിരിക്കുന്നതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിച്ചു.

വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചേയർപേഴ്സൺ അദ്ധ്യക്ഷനും വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്നും 5 പേർ അംഗങ്ങളുമായുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങിക്കേണ്ടതെന്ന് മേൽ സബ്സിഡി മാർഗരേഖ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കാതെ ഗുണഭോക്താക്കൾ നേരിട്ട് ആടുകളെ വാങ്ങിക്കുകയും ആടിനെ വിറ്റ വ്യക്തിക്ക് തുക കൈമാറുകയുമാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്. സർക്കാർ മാർഗരേഖ അനുസരിച്ചാണ് പ്രൊജക്ടുകൾ തയ്യാറാക്കിയിരിക്കുന്നതെന്ന് വർക്കിംഗ് ഗ്രൂപ്പ് മുതൽ മുകളിലോട്ടുള്ള ഓരോ സംവിധാനവും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 11,70,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## **3-8** മൃഗസംരക്ഷണം ക്ഷീര വികസനമേഖലയിൽ ആവശ്യകത പരിഗണിച്ച് പ്രോജക്ടുകൾ രൂപീകരിക്കാത്തതും മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ലാത്തതും സംബന്ധിച്ച്

മൃഗ സംരക്ഷണം ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ മേഖല നേരിടുന്ന പ്രധാന പ്രശ്നമായി രേഖപ്പെടുത്തിയിരിക്കുന്നത് മൃഗ ചികിത്സ മരുന്നുകളുടെ അഭാവമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള വെറ്ററിനറി പോളി ക്ലിനിക്കിൽ 2012-13 സാമ്പത്തിക വർഷം മുതൽ മൃഗചികിത്സ മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ പ്രോജക്ടുകളൊന്നും ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി കാണുന്നില്ല. മരുന്നുകളുടെ ആവശ്യകത സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർദേശങ്ങളും ഉയർന്ന് വന്നതായി കാണുന്നില്ല. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ 11അംഗ വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ടെങ്കിലും മിനട്സ് പരിശോധിച്ചതിൽ 7-3-2017,18-3-17 തിയ്യതികളിൽ വർക്കിംഗ് ഗ്രൂപ്പ് ചേർന്നെങ്കിലും തീരുമാനങ്ങൾ കൈക്കൊള്ളുകയോ പ്രോജക്ട് നിർദേശങ്ങൾ സമർപ്പിച്ചതായോ കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പൊതുവെ അംഗങ്ങളുടെ പങ്കാളിത്തം കുറവാണ്. ഭൂരിഭാഗം യോഗങ്ങളിലും കോറം തികയുന്നതിനുള്ള അംഗങ്ങൾ മാത്രമേ പങ്കെടുക്കുന്നുള്ളൂ. മൃഗസംക്ഷണ മേഖലയിലും ക്ഷീരവികസന മേഖലയിലും നടപ്പിലാക്കിയ പ്രൊജക്ടുകൾ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്തതിന് രേഖകളില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേഖലയിലെ ആവശ്യകത പരിഗണിച്ച് പ്രൊജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ആയത് മോണിറ്റർ ചെയ്യേണ്ടതുമാണ്.

## **3-9** ക്ഷീരകർഷകർക്ക് അളക്കുന്ന പാലിന് ഇൻസന്റീവ്.- ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ – 30/18

വകയിരുത്തിയ തുക – 40,00,000

ചെലവുതുക – 40,00,000(ബിൽ നമ്പർ 1/17-18 തി23.8.17)

ക്ഷീരവികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം 40,00,000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|

| | |
|---|---|
| ചക്കിട്ടപാറ | 600000 |
| പേരാമ്പ്ര | 700000 |
| കായണ്ണ | 700000 |
| കൂത്താളി | 200000 |
| ചങ്ങരോത്ത് | 700000 |
| നൊച്ചാട് | 700000 |
| ചെറുവണ്ണൂർ | 400000 |
| ആകെ | 4000000 |

പദ്ധതി പണം കൈമാറി ഒരുവർഷത്തോളമായിട്ടും ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. ക്ഷീരവികസന മേഖലയിലെ പ്രൊജക്ടുകൾ മോണിട്ടറിംഗ് ചെയ്യേണ്ട മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റിയതായും കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 40,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 അക്ഷയോർജ്ജ ഉൽപ്പാദന യൂണിറ്റ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിലെ വൈദ്യുതി ചാർജ് ഇനത്തിലെ ചെലവ് കുറയ്ക്കുന്നതിനും ഓഫീസിൽ മുടക്കമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനുമായി സോളാർ എനർജി ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് കെൽട്രോണുമായി സഹകരിച്ചാണ് മേൽ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 46/18 |
| അടങ്കൽ | 19,95,000/- |
| ഫണ്ട് | വികസനം,മെയിന്റനൻസ് (നോൺ റോഡ്) |
| ചെലവ് | 19,95,000/- |
| ബിൽനം/ തിയ്യതി,തുക | 35/30.1.2018 / 9,97,500/-<br>45/19.3.2018/ 2,50,000/-<br>47/24.3.2018 /7,47,500/- |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) പദ്ധതി സംബന്ധിച്ച് വിശദമായ പഠനം നടത്തിയില്ല

തൻവർഷത്തെ വികസന ഫണ്ടിന്റെ (പൊതുവിഭാഗം) 5 ശതമാനത്തോളം തുക ചെലവഴിച്ച് നടപ്പാക്കിയ പദ്ധതിയുടെ സാധ്യതകൾ സംബന്ധിച്ച് വിശദമായ പഠനം നത്തിയിട്ടില്ല. ഓഫീസിലെ വൈദ്യുതി ആവശ്യം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. 18kwp/20kva വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. എന്നാൽ ഇത്രയും വൈദ്യുതി ഓഫീസിൽ ആവശ്യമുണ്ടോ എന്നത് സംബന്ധിച്ച് പ്രോജക്റ്റിൽ വ്യക്തതയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഊർജ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പരാമർശങ്ങൾ ഒന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലെ ഊർജ്ജവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഇത് സംബന്ധിച്ച ചർച്ചകളോ, നിർദ്ദേശങ്ങളോ രേഖപ്പെടുത്തിയതായി കാണുന്നില്ല. 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിനായി 04.03.2017 ന് ചേർന്ന വികസനകാര്യസ്റ്റാൻന്റിംഗ് കമ്മിറ്റി യോഗത്തിൽ ഈ പദ്ധതി സംബന്ധിച്ച പരാമർശങ്ങളൊന്നും കാണുന്നില്ല.

2) ഓഫീസിലെ വൈദ്യുതി ചാർജ് കുറഞ്ഞില്ല.

ഓഫീസിലെ വൈദ്യുതി ചാർജ് ഇനത്തിലെ ചെലവ് കുറയ്ക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ വൈദ്യുതി ചാർജ് കുറഞ്ഞതായി കാണുന്നില്ല. പദ്ധതി നടപ്പാക്കുന്നതിന് മുൻപ് ഓഫീസിലെ വൈദ്യുതി ചാർജ് ഇനത്തിൽ പതിനായിരത്തോളം രൂപയാണ് അടച്ചുകൊണ്ടിരുന്നത് പദ്ധതി നടപ്പാക്കിയതിന് ശേഷവും വൈദ്യുതി ബിൽതുക മാറ്റമില്ലാതെ തുടരുകയാണ്.

3) അക്ഷയോർജം സംബന്ധിച്ച പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനനുസരിച്ച് പദ്ധതികളാവിഷ്കരിച്ചില്ല.

സർക്കാർ ഉത്തരവ് (എം.എസ്)നം 72/2017തസ്വഭവ.തി.29.03.2017 ഖ.12.8(7) പ്രകാരം അക്ഷയോർജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)നം.80/2017 തസ്വഭവ തി.03.04.2017 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.8.9 പ്രകാരം ശൃംഖലാബന്ധിത സൗരമേൽക്കൂര വൈദ്യുതി നിലയങ്ങൾ, ശൃംഖലാബന്ധിതമല്ലാത്ത സൗരമേൽക്കൂര വൈദ്യുതി നിലയങ്ങൾ, സൗരഗാർഹിക വൈദ്യുതി സംവിധാനം, സൗരജലതാപന സംവിധാനം, കേന്ദ്രീകൃത സൗരതാപ പദ്ധതികൾ, ജൈവവാതകനിലയം, മെച്ചപ്പെട്ട വിറക് അടുപ്പ് എന്നിവക്ക് സബ്സിഡി നൽകുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്നാൽ പദ്ധതി വർഷത്തിൽ ഇത്തരം പദ്ധതികളൊന്നും തന്നെ ഏറ്റെടുത്ത് നടപ്പിലാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

4) <u>മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല</u>

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളിൽ ഊർജ്ജമേഖലയിലെ പ്രധാന പദ്ധതിയായ മേൽ പ്രോജക്ടിന്റെ വിലയിരുത്തൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പാരമ്പര്യേതര ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണപ്രദമായ പദ്ധതികൾക്കായിരുന്നു പ്രഥമ പരിഗണന നൽകേണ്ടിയിരുന്നത്. എന്നാൽ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മാത്രമായി ഒതുങ്ങിപ്പോവുകയാണ് ഉണ്ടായത്. പദ്ധതി ആസൂത്രണത്തിലെ മുൻഗണനകൾ പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഇതിന് കാരണം. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾക്ക് തൃപ്തികരമായ മറുപടി നൽകേണ്ടതാണ്.

## 3-11 <u>വയോമിത്രംയോഗ പരിശീലനം - ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാത്തതും മറ്റ് അപാകതകളും</u>

| | |
|---|---|
| പ്രോജക്ട് നം | 5/ 18 |
| അടങ്കൽ | 1,00,000/- |
| ഫണ്ട് | വികസനം |
| ചെലവ് | 81,614/- |

| | |
|---|---|
| ബിൽ നം / തിയ്യതി | 4/18. 27.03.18 |

60 വയസ്സ കഴിഞ്ഞ വനിതകൾക്ക് യോഗ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. ദിവസം 2മണിക്കൂർ വീതം 25 ദിവസം പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കായണ്ണ, ചെറുവണ്ണൂർ, നൊച്ചാട്, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിലാണ് പരിശീലനം സംഘടിപ്പിച്ചത്. ഇതിൽ കായണ്ണ, ചെറുവണ്ണൂർ എന്നീ പഞ്ചായത്തുകളിൽ മാത്രമാണ് പരിശീലന പരിപാടി പൂർത്തിയാക്കിയത്. നൊച്ചാട്, പേരാമ്പ്ര ഗ്രാമപഞ്ചായത്തുകളിലെ പരിശീലനം പൂർത്തിയാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല

ആസൂത്രണ പ്രക്രിയയിൽ വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കാണ്. എന്നാൽ ഈ പദ്ധതിയലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ട്രെയിനിംഗ് പൂർത്തിയാക്കും മുൻപ് ഇൻസ്ട്രക്ടർമാർക്ക് മുഴുവൻ തുകയും കൊടുത്തു

പേരാമ്പ്ര, നൊച്ചാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ പരിശീലന പരിപാടി പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇൻസ്ട്രക്ടർമാക്ക് നൽകേണ്ട പ്രതിഫലം മുഴുവനായി കൊടുത്തിട്ടുണ്ട്. ഈ ഗ്രാമ പഞ്ചായത്തുകളിൽ 15 ദിവസത്തെ ക്ലാസ് മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. 10 ദിവസത്തെ ക്ലാസുകൾ കൂടി പൂർത്തിയാക്കാനുണ്ട്. ഇത് പൂർത്തിയാക്കുന്നതിന് മുൻപ് പ്രതിഫലമായി ഇൻസ്ട്രക്ടർമാക്ക് നൽകേണ്ട 40000/- രൂപ മുഴുവനായും കൊടുത്തിട്ടുണ്ട്.

3) ഇൻസ്ട്രക്ടർ മാരുടെ യോഗ്യത, ഇവർക്കുള്ള പ്രതിഫലം എന്നിവ സംബന്ധിച്ച് പ്രോജക്ടിൽ വ്യക്തതയില്ല.

യോഗ പരിശീലിപ്പിക്കുന്ന ഇൻസ്ട്രക്ടർമാരുടെ യോഗ്യത, പരിചയം എന്നിവ സംബന്ധിച്ചും ഇവർക്ക് നൽകേണ്ട വേതനം സംബന്ധിച്ചും പ്രോജക്ടിൽ വ്യക്തമായി പരാമർശിച്ചിട്ടില്ല.

4) മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

സ.ഉ (എം.എസ്) നം72/2017 തസ്വഭവ തി.29.03.2017 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പൊതു നിർദ്ദേശങ്ങൾ ഖ.14.6 (1) പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി

രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും സമർപ്പിക്കേണ്ടതാണ്.

5) സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

60 വയസ്സ കഴിഞ്ഞ സ്ത്രീകൾക്ക് വേണ്ടിയാണ് മേൽ പദ്ധതി നടപ്പാക്കിയത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ 60 വയസ്സ കഴിഞ്ഞ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയാണോ ഈ പ്രോജക്ട് നടപ്പിലാക്കിയത് എന്നത് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഇല്ല.

6)ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല

പദ്ധതി രൂപീകരണവും, നിർവ്വഹണവും, മോണിറ്ററിംഗുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമല്ലാത്തത് കാരണമാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നത്. ആസൂത്രണ പ്രക്രിയയിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും ഭാരിച്ച ഉത്തരവാദിത്തങ്ങളാണ് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഇത് വിജയകരമായി നിർവ്വഹിക്കാൻ സാധിക്കാതെ വരുമ്പോൾ പദ്ധതികൾ പരാജയപ്പെട്ട് പോകുന്നു. മേൽ സൂചിപ്പിച്ച പദ്ധതിയിലെ ചെലവ് തുക 81,614/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-12 പ്രോക്യൂർമെന്റ് കമ്മിറ്റി - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിലെ നിരവധി പ്രോജക്ടുകളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി)259/2010 ത.സ്വ.ഭ.വ തി.08.11.2010 ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ പ്രസിഡന്റ് ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായും ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും സ്ഥാപനത്തിലെ വാങ്ങലുകൾ ഈ കമ്മിറ്റി മുഖേന നടത്തേണ്ടതുമാണ്.

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സമാന പ്രോജക്ടുകളിൽ കമ്പ്യൂട്ടറുകൾ, ഫർണ്ണീച്ചറുകൾ മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ വാങ്ങലുകൾക്കെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ

അനുമതിയുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്താൻ ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വാങ്ങലുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1) ചെലവുകൾക്കായി തൻവർഷത്തെ ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2) വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യുക.

3) മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിന് ശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന രീതിയിൽ വാങ്ങൽ നടത്തുക.

4) ഓഫീസ് ഉപകരണം, ഫർണ്ണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുക.

എന്നാൽ ഓഡിറ്റ് വർഷം ഈ ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിൽ വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ഇത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടത്തിന് കാരണമാകും. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളും മേൽ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതും ഭരണ സമിതിക്ക് ഇത് സംബന്ധിച്ച ശുപാർശകൾ നൽകേണ്ടതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതമായ വിഭവ സ്രോതസ്സുകൾ യുക്തിസഹമായും യാഥാർത്ഥ്യബോധത്തോടെയും വിനിയോഗിക്കുന്നതിന് വേണ്ടിയാണ് ഇത്തരം കമ്മിറ്റികൾ രൂപീകരിച്ച് വാങ്ങൽ പ്രക്രിയ സുതാര്യമാക്കിയിരിക്കുന്നത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് ഈ കാര്യങ്ങളിൽ സക്രിയമായ പങ്ക് വഹിക്കാനുണ്ട്. മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-13 പദ്ധതി നിർവ്വഹണം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

1) ഐ.കെ.എം ന് വിഹിതം കൈമാറൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 36/17-18 |

| | |
|---|---|
| അടങ്കൽ | 50,445/- |
| ഫണ്ട് | വികസനം |
| ചെലവ് | 50,445/- |
| ബിൽനം, തി. | 9/17-18 / 29.8.17 |

മേൽ പദ്ധതിക്ക് ഐ.കെ.എം ന് കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

2) കട്ടയാട്ട് തറവട്ടത്ത് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 52/17-18 |
| അടങ്കൽ | 275000/- |
| ഫണ്ട് | വികസനം |
| ചെലവ് | 275000/- |
| ബിൽനം, തി. | 36/17-18 / 9.2.18 |

മേൽ പദ്ധതിക്കായി 2,75,000/- രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി എഗ്രിമെൻറ് വെച്ചിട്ടില്ല.പദ്ധതി നിർവ്വഹണം പൂർത്തിയായത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഫയലിൽ ഇല്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സി.ഡി.പി.ഒ യുടെ പദ്ധതി നിർവ്വഹണം

1) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |

| | |
|---|---|
| പ്രോജക്ട് നം | 6/17-18 |
| അടങ്കൽ | 7,25,000/- |
| ഫണ്ട് | വികസനം |
| ചെലവ് | 7,25,000/- |
| ബിൽനം, തി. | 1/17-18 /15.9.17 |

മേൽ പദ്ധതികളുടെ നിർവ്വഹണത്തിനായി സെക്രട്ടറി 3,25,445/-രൂപയും, സി.ഡി.പി.ഒ 7,25,000/- രൂപയും കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച തുകകൾ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 41,32.632 | പി.എം.എ.വൈ 2017-18 | 21,52,340 | 19,80,292 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 23,80,000 | പി.എം.എ.വൈ 2017-18 | 1,00,800 | 13,72,000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കട്ടയാട്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 18/17-18 തീ. 09.02.2018 | 2,75,000 | - | 2,75,000 |

# 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ | സ.ഉ(എം.എസ്) നം. തസ്വഭവ തീ. 19.03.2013 | 27,73,830 | 27,73,830 | | 22510 | 27,73,830 |
| ഇ.എം.എസ് | | 90,05,034 | 39,09,816 | 17,27,454 | | 21,82,362 |

- ലോൺ രജിസ്റ്ററിൽ 2017-18 വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

# 4-4 സ്ഥിര നിക്ഷേപം

ഇല്ല

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35 | 2002-03 | VII.I.II.I(I) | അയോൽപടി – എടക്കയിൽ റോഡ് | പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | |

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക | റവന്യൂ റിക്കവറി നടപടി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യ | അവശേഷിക്കുന്ന തുക/ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | (രസീത് നമ്പർ/ തീയതി) | യിലൂടെ ഈടാക്കിയ തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | മായ തുക | ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2000-01 | 27, 29 | ശ്രീ. കെ പണിയക്കുട്ടി | LF.9969/Spl. Cellsc5/03 dt. 12.04.04 | 2,851 | | | | | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 15,75,94,580 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,75,03,903 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 89,73,559 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 19,46,500 | ശ്രീമതി. പുഷ്പ. എ, |

| | | |
|---|---|---|
| | | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 3-7 | 11,70,000 | ഡോ. സുനിൽകുമാർ,<br>സീനിയർ വെറ്ററിനറി സർജൻ |
| 3-9 | 40,00,000 | ശ്രീ. ശിവദാസ്. കെ,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-11 | 81,614 | ശ്രീമതി. ദീപ. കെ, സി.ഡി.പി.ഒ |
| 3-13 (3) | 7,25,000 | |
| 3- 13 (1) | 50,445 | ശ്രീ. ചന്ദ്രമോഹനൻ.പി , സെക്രട്ടറി |
| 3-13(2) | 2,75,000 | ശ്രീ. കൃഷ്ണരാജ്.എൻ.പി. , സെക്രട്ടറി |
| 3-13(3) | 725000 | ശ്രീമതി.ദീപ.കെ., CDPO |
| | 8973559 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി. പുഷ്പ. എ,<br>അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ<br>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | അനശ്വര<br>മണിയൂർ പി.ഒ<br>കോഴിക്കോട് - 673 523 |
| ഡോ. സുനിൽ കുമാർ<br>സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ<br>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | ഹരിശ്രീ<br>പുതുപ്പണം പി.ഒ<br>വടകര -673 105 |
| ശ്രീ. ശിവദാസ്. കെ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | സുരഭി ഹൗസ്<br>തലയോലപ്പറമ്പ് പി.ഒ<br>കോട്ടയം 686805 |
| ശ്രീ. ചന്ദ്രമോഹനൻ.പി , സെക്രട്ടറി | ജോയിന്റ് ബി.ഡി.ഒ(ഇ.ജി.എസ്) ഐ.റ്റി.ഡി. പി, അട്ടപ്പാടി | പരിയാണി ഹൗസ് കരിമ്പം പി.ഒ പാലക്കാട് |
| ശ്രീ. കൃഷ്ണരാജ്.എൻ.പി. , സെക്രട്ടറി | സെക്രട്ടറി, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | സരസ് ഭവൻ ആൾത്തറ സ്ട്രീറ്റ് വെള്ളല്ലൂർ പി.ഒ തിരുവനന്തപുരം – 695 601 |
| ശ്രീമതി. ദീപ. കെ,<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ<br>പേരാമ്പ്ര ബ്ലോക്ക് | കേളോത്ത് ഹൗസ്<br>പനങ്ങാട് പി.ഒ |

| | | |
|---|---|---|
| | പഞ്ചായത്ത് | ബാലുശ്ശേരി – 673612 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(1) തീ. 12.11.12 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(2) തീ. 12.11.12 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(3) തീ. 12.11.12 | 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(5) തീ. 12.11.12 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(7) | 2 |

| | | |
|---|---|---|
| | തീ. 12.11.12 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി7-1383/10 തീ. 10.11.10 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7-465/11 തീ. 04.02.12 | 13 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി7-2020/11 തീ. 13.2.12 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7-1271/12 തീ. 05.09.12 | 7 |
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13 തീ. 22.07.2013 | 13 |
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15 തീ. 12.03.15 | 7 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1718/16 തീ. 31.10.16 | 13 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി പി7/442/ 2017, തീയ്യതി :19.03.2017 | 16 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി പി7/2175/ 2017, തീയ്യതി :26.03.2018 | 16 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി7/2059/18/ തിയതി: 27.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം